**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 3524

15.03.2018 ലെ മറുപടിയ്ക്ക്

ശമ്പളവും പെൻഷനും ട്രഷറി സേവിംഗ്സ് അക്കൗണ്ടിലൂടെ നൽകുന്നതിനുള്ള നടപടി

**ചോദ്യം**

ശ്രീ. സി. ദിവാകരൻ

**ഉത്തരം**

ഡോ. റ്റി.എം. തോമസ് ഐസക്
**ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി**

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനും ട്രഷറി സേവിംഗ്സ് അക്കൗണ്ടിലൂടെ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | ശമ്പളവും പെൻഷനും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലൂടെ ലഭിക്കണമെന്നുള്ളവർക്ക് നിലവിൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലൂടെ നൽകി വരുന്നുണ്ട്. ഇതിനായി ജീവനക്കാർ/പെൻഷൻകാർ ഒരു ട്രഷറിയിൽ ശമ്പളം/പെൻഷൻ ക്രഡിറ്റ് ചെയ്യുന്നതിനായി റ്റി.എസ്.ബി. അക്കൗണ്ട് തുടങ്ങേണ്ടതാണ്. കോർ സംവിധാനം നിലവിലുള്ളതിനാൽ ജീവനക്കാർക്ക്/ പെൻഷൻകാർക്ക് സംസ്ഥാനത്തെ ഏത് ട്രഷറിയിൽ നിന്നും റ്റി.എസ്.ബി. അക്കൗണ്ടിൽ നിന്ന് പണം പിൻവലിക്കാവുന്നതാണ്. |
| (ബി) ശമ്പളവും പെൻഷനും ട്രഷറി മുഖാന്തരമാകുമ്പോൾ അത് ഏതൊക്കെ തരത്തിലാണ് ജീവനക്കാരെ പ്രതികൂലമായി ബാധിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | ജീവനക്കാർ ഓപ്ഷൻ നൽകുന്നതനുസരിച്ച് ട്രഷറി മുഖേനയോ, ബാങ്ക് മുഖേനയോ ശമ്പളവും പെൻഷനും വാങ്ങാവുന്നതാണ്. ട്രഷറി മുഖേന ശമ്പളം/പെൻഷൻ വാങ്ങുന്നവർക്ക് തുക മുഴുവനായോ, ഭാഗികമായോ തങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. അതിനാൽ തന്നെ ജീവനക്കാരെ പ്രതികൂലമായി ബാധിക്കുന്നില്ല. |
| (സി) ട്രഷറി ഇടപാടുകാർക്ക് എ.ടി.എം. മുഖാന്തരം പണം പിൻവലിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? വിശദാംശം നൽകുമോ? | ഈ വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ട്. |

**സെക്ഷൻ ഓഫീസർ**